പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2360 **27-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാനത്ത് ആകെ ഉത്പാദിപ്പിച്ച സൗരോർജ്ജം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി കെ. കെ. രമ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) 2016 മുതൽ 2026 വരെയുള്ള സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്ത് ആകെ ഉൽപ്പാദിപ്പിച്ച സൗരോർജത്തിന്റെ അളവ് എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

മറുപടി: സൗരോർജ്ജത്തിന്റെ അളവും വർഷം തിരിച്ചുള്ള കണക്കും ചുവടെ ചേർക്കുന്നു.

Sl. No.	Year	Generation (MU)
1	2015-16	12.32
2	2016-17	20.34
3	2017-18	125.63
4	2018-19	204.12
5	2019-20	312.08
6	2020-21	410.83
7	2021-22	538.8
8	2022-23	871.03
9	2023-24	1233.29
10	2024-25	1689.94
11	2025-26	2589.1

മേൽപ്പറഞ്ഞ കണക്കിൽ ആകെ സൗരോർജോല്പാദനത്തിന്റെ (ദശലക്ഷം യൂണിറ്റിൽ) 83 ശതമാനവും സംസ്ഥാനത്തെ സ്വകാര്യ സോളാർ പ്രോസ്യൂമെർസ് സ്വന്തം ചെലവിൽ സ്ഥാപിച്ച പ്ലാന്റ് വഴി ഉൽപ്പാദിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ ഉടമസ്ഥതയിലുള്ള പ്ലാന്റുകളിൽ നിന്നുമുള്ള ജനറേഷൻ 2

ശതമാനം മാത്രമാണ്. സോളാർ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഈ വൈദ്യുതി പകൽ സമയ ഉപയോഗത്തിന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

(ബി) ഇതിൽ വൈദ്യുതി ഗ്രിഡിലേക്ക് കൈമാറിയ സൗരോർജ്ജത്തിന്റെ അളവ് എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

മറുപടി: വൈദ്യുതി ഗ്രിഡിലേക്ക് കൈമാറിയ അളവും വർഷം തിരിച്ചുള്ള കണക്കും ചുവടെ ചേർക്കുന്നു.

Sl. No.	Year	Energy given to Grid (MU)
1	2015-16	0.9
2	2016-17	09.35
3	2017-18	87.94
4	2018-19	177.06
5	2019-20	245.34
6	2020-21	319.46
7	2021-22	474.67
8	2022-23	727.6
9	2023-24	1061.5
10	2024-25	1382.28
11	2025-26	2002.63

(സി) സൗരോർജം ഗ്രിഡിലേക്ക് സ്വീകരിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമർ ശേഷിയുടെ അപര്യാപ്തത മൂലം പുതിയ കണക്ഷനുകൾക്ക് അനുമതി നൽകാൻ കഴിയാതെ എത്ര കിലോവാട്ട് ശേഷിയിലുള്ള അപേക്ഷകളാണ് നിലവിൽ തീർപ്പാക്കാതെ മാറ്റിവെച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

മറുപടി: ലഭ്യമായ കണക്കുകൾ പ്രകാരം, സോളാർ കണക്ഷനുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കളിൽ, ആവശ്യമായ ട്രാൻസ്ഫോർമർ ശേഷിയുടെ അപര്യാപ്തത മൂലം 2121 കണക്ഷനുകൾ അനുവദിക്കാൻ കഴിയാതെ നിലനിൽക്കുന്നുണ്ട്. പ്രസ്തുത അപേക്ഷ പ്രകാരമുള്ള ആകെ ശേഷി (കിലോവാട്ടിൽ) നിലവിൽ കണക്കാക്കിയിട്ടില്ല.

(ഡി) സംസ്ഥാനത്ത് പ്രതിദിനം ശരാശരി എത്ര അളവ് ജലവൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: ജലസംഭരണികളിലെ ജലലഭ്യതയും നീരൊഴുക്കും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ജനറേഷൻ പ്ലാൻ അനുസരിച്ചാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവ് നിർണയിക്കുന്നത്. ഓരോ വർഷവും ലഭിക്കുന്ന മഴയുടെ അളവിനനുസരിച്ച് വൈദ്യുതോൽപ്പാദനത്തിൽ

വ്യത്യാസമുണ്ടാകും. ഈ സാമ്പത്തിക വർഷം സെപ്റ്റംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം, കെ.എസ്.ഇ.ബി.എൽ. പ്രതിദിനം ഏകദേശം 19 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ജലവൈദ്യുതി നിലയങ്ങളിൽ നിന്നും ഉൽപ്പാദിപ്പിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ